## യത്തത് സത്ത്വഗുണം സ്വച്ഛം ശാന്തം ഭഗവത: പദം
## യദാഹുർവ്വാസുദേവാഖ്യം ചിത്തം തന്മഹദാത്മകം (3-26-21)

കപിലദേവൻ തുടർന്നു:
ബോധസ്വരൂപനായ ഭഗവാൻ അതീവജാഗ്രതയോടെ പ്രകൃതിയുടെ ലീലകൾക്കു സാക്ഷ്യം നിന്നു. അങ്ങിനെ മന:ശക്തി (ബുദ്ധി) ഉണ്ടായി. ചിത്തശക്തിയുടെ പ്രഭാവത്തിലാണ് അന്തർലീനമായിക്കിടക്കുന്ന പ്രകടിതാവസ്ഥയും വ്യതിരിക്തതയും ഉണ്ടാവുന്നത്. ഈ ചിത്തശക്തിക്കിളക്കം തട്ടിയപ്പോൾ പ്രകൃതിയുടെ സംതുലിതാവസ്ഥക്കു ഭംഗം വരികയും വിശ്വബോധത്തിൻെറ തത്വം ഉണ്ടാവുകയും ചെയ്തു. വിശ്വബോധം (മഹത്തത്വം) പ്രകാശരൂപേണ വർത്തിച്ച് മുൻപുണ്ടായ വിശ്വപ്രളയതമസ്സിനെ നശിപ്പിച്ചു.

സ്ഥൂലജീവികളിലുള്ള മഹത്തത്രേ സൂക്ഷ്മദ്രവ്യമായ ചിത്തം (മനസ്സ്). അത് പ്രകൃത്യാ സത്വവും, ശുദ്ധവും, ശാന്തത നിറഞ്ഞതും, ഭഗവാൻെറ ഇരിപ്പിടവുമായതിനാൽ വാസുദേവൻ എന്നറിയപ്പെടുന്നു. മഹത്തിൽനിന്നും പരിണാമവിധേയമായി മൂന്നുതരത്തിലുള്ള അഹങ്കാരം ഉടലെടുത്തു. സാത്വികം, രാജസികം, താമസികം. ഈ മൂന്നുതരത്തിലുള്ള അഹങ്കാരങ്ങളിൽനിന്നും ധാതുക്കളും മനസ്സും ഉണ്ടായി. ആയിരം ഫണങ്ങളുള്ള അനന്തനെന്നും ഭഗവാൻെറതന്നെ പേരായ സംഘർഷണൻ എന്നും ഇതറിയപ്പെടുന്നു. ഈ അഹങ്കാരമാണ് കർതൃത്വഭാവവും ഭോക്തൃഭാവവും ഉണ്ടാക്കി കർമ്മത്തേയും കർമ്മഫലങ്ങളേയും നയിക്കുന്നത്.

മനസ്സുണ്ടായത് സാത്വീകാഹങ്കാരത്തിൽ നിന്നാണ്. മനസ്സ് അനിരുദ്ധൻ എന്ന പേരിൽ അറിയപ്പെടുന്നു. ഭഗവാൻെറ നാമംതന്നെ അത്. ഇന്ദ്രിയങ്ങളെ നയിക്കുന്ന അനിരുദ്ധരൂപത്തിലുള്ള മനസ്സിനെ യോഗികൾ നീലത്താമരയുടെ നിറത്തിൽ ധ്യാനിക്കുന്നു. രാജസീകാഹങ്കാരത്തിൽനിന്നും ബുദ്ധിയുടെ (അറിവിൻെറ) തത്വങ്ങൾ ഉടലെടുത്തു. വസ്തുദ്രവ്യങ്ങളുടെ സ്വഭാവം മനസ്സിലാക്കി ഇന്ദ്രിയങ്ങളെ ഊർജ്ജസ്വലമാക്കുന്നത് ഈ ബുദ്ധിയത്രേ. പ്രദ്യുമ്നൻ എന്ന ഭഗവൽനാമത്താൽ ഈ ബുദ്ധി അറിയപ്പെടുന്നു. സംശയം, തെറ്റായഅറിവ്, ദൃഢത, ഓർമ്മ, നിദ്ര എന്നീ അഞ്ചുതരത്തിൽ ബുദ്ധി വർത്തിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ജീവശ:ക്തിയായ പ്രാണനും എല്ലാം രാജസീകാഹങ്കാരത്തിൽ നിന്നും ഉണ്ടായതത്രേ.

താമസീകാഹങ്കാരത്തിൽ നിന്നാണ് സ്ഥൂലധാതുക്കളും ദ്രവ്യങ്ങളും സൂക്ഷ്മങ്ങളായ ഇന്ദ്രിയങ്ങളും കേൾവി, സ്പർശം, നിറം, സ്വാദ്, ഗന്ധം ഇവയുണ്ടായത്. ആദ്യം ആകാശതത്വവും, ദൂരം, ശബ്ദം ഇവയുമുണ്ടായി. ഇവ ശബ്ദമല്ലാതെ മറ്റൊന്നുമല്ല. ആകാശം വസ്തുവകകൾക്ക് നിലകൊള്ളാനും ജീവജാലങ്ങൾക്ക് വളരാനുമുള്ള ഇടം നൽകുന്നു. അകത്തെന്നും പുറത്തെന്നുമുള്ള വ്യത്യസ്ഥതയും ജീവികളുടെ ഇരിപ്പിടവുമാണ് ആകാശം. പിന്നീട് സ്പർശനതത്വം ഉണ്ടായി. ഇത് വായുവിൻെറ ധർമ്മമത്രെ. പിന്നീട് നിറങ്ങളുടേയും കാഴ്ചയുടേയും തത്വം ഉണ്ടായി. ഇതഗ്നിയുടെ ധർമ്മമാണ്. സ്വാദിൻെറ തത്വം, വൈവിദ്ധ്യമാർന്ന സ്വാദുകൾ തിരിച്ചറിയുന്നതിന് ജലവും അതിൻെറ തത്വവും. ഗന്ധത്തിൻെറ തത്വമാണ് ഘ്രാണശക്തിയും ഭൂമിയും. ജീവജാലങ്ങളെ താങ്ങിനിർത്തി പരിരക്ഷിക്കുന്ന ഭൂമിയുടെ ധർമ്മവും ഈ തത്വത്തിൻെറ അടിസ്ഥാനത്തിലത്രേ.